# തലശ്ശേരി അതിരൂപത
## വിശ്വാസപരിശീലനകേന്ദ്രം
Ph : 0490 2344430, E-mail : catechesistly@gmail.com


**സർക്കുലർ - മാർച്ച് 2016**

**"ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു" (ലൂക്ക 2:52).**

### 1. വിശ്വാസോത്സവം 2016 ഏപ്രിൽ 1 മുതൽ 5 വരെ

വിശ്വാസോത്സവം ഏപ്രിൽ 1 മുതൽ 5 വരെ ആയിരിക്കും. വിശ്വാ സോത്സവത്തിന്റെ അതിരൂപതാ ഉദ്ഘാടനം അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവ് ഏപ്രിൽ 1-ാം തീയതി രാവിലെ 9.30ന് ചെമ്പേരി ഇടവകയിൽ നിർവ്വഹിക്കുന്നു. വർക്കുബുക്കുകൾ നല്കിയിരിക്കുന്ന എണ്ണം അനുസരിച്ച് ഫൊറോനാ കേന്ദ്രങ്ങളിൽ എത്തിക്കുന്നതായിരിക്കും. വിശ്വാ സോത്സവ വർക്ക്ബുക്കുകളുടെ വില 4-ാം ക്ലാസ് (കളർ പ്രിന്റ്) 32 രൂപയും ബാക്കി ക്ലാസുകളിലെ വർക്ക് ബുക്കിന് 24 രൂപ യുമാണ്.

### 2. വിശ്വാസോത്സവ വിജയത്തിനായി

1. ദൈവകരുണയുടെ കുമ്പവർഷാചരണമായതിനാൽ ഈ വർഷത്തെ വിശ്വാസോത്സവം നാല് ദിവസത്തെ ക്ലാസും ഒരു ദിവസം ഇടവകയിലെ ഭവന സന്ദർശനവുമായിട്ടാണ് ക്രമീകരിച്ചിരിക്കുന്നത്.
2. വിശ്വാസോത്സവത്തിന്റെ വിജയത്തിനാവശ്യമായ പൊതുനിർദ്ദേശങ്ങൾ കൊടുത്തിരിക്കുന്ന ലഘുലേഖ ബഹു. വികാരിയച്ചന്റെ നേതൃത്വത്തിൽ സ്റ്റാഫ് കൗൺസിൽകൂടി ചർച്ചചേയ്യേണ്ടതും പൊതുവായ തിരുമാന ങ്ങൾ എടുക്കേണ്ടതുമാണ്.
3. ഗ്രൂപ്പ് അടിസ്ഥാനത്തിലാണ് ഈ വർഷത്തെ വിശ്വാസോത്സവം നടത്തേണ്ടത്. അതിനായി ആറ് സെക്ഷനിലേക്കുള്ള ആറ് വർക്ക് ബുക്കുകളാണ് തയ്യാറാക്കിയിരിക്കുന്നത്.
4. 12-ാം ക്ലാസ്സിലെ കുട്ടികളേയും വൈദികവിദ്യാർത്ഥികളേയും ഭക്തസംഘടനാപ്രതിനിധികളേയും സെക്ഷൻ ഓർഗനൈസർമാരായി നിയമിക്കേണ്ടതാണ്.
5. 5 മണിക്കൂർ നീണ്ടു നിൽക്കുന്ന പരിശീലന പരിപാടികളാണ് വിശ്വാസോത്സവത്തിൽ ക്രമീകരിച്ചിരിക്കുന്നത്. സമയക്രമം എല്ലാ സൺഡേസ്കൂളുകളും പാലിക്കുമല്ലോ.
6. വിശ്വാസോത്സവദിനങ്ങളിൽ കുട്ടികൾക്ക് അഗതിമന്ദിരം, വൃദ്ധസദനം എന്നിവ സന്ദർശിക്കാൻ അവസരമൊരുക്കേണ്ടതും വിശുദ്ധരുടെ ജീവചരിത്രങ്ങളും മൂല്യങ്ങളും ധാർമ്മികതയുമുള്ള സിനിമകളും കാണിക്കുന്നത് നല്ലതാണ്.

### 3. കുട്ടികളുടെ കുടുംബ സന്ദർശനം

ദൈവകരുണയുടെ കുമ്പവർഷാചരണമായതിനാൽ ദൈവകരുണയുടെ സന്ദേശവുമായി വിശ്വാസോത്സവത്തിന്റെ മൂന്നാംദിനം ഞായറാഴ്ച കുട്ടികൾ അധ്യാപകരുടെയും കമ്മറ്റിക്കാരുടെയും നേതൃത്വത്തിൽ ഇടവകയിലെ എല്ലാകുടുംബ ങ്ങളും സന്ദർശിക്കുകയും കുടുംബാഗങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നു. കൂടാതെ അതിരൂപത തയാറാക്കിയിരി ക്കുന്ന കുടുംബ സ്ഥിതിവിവരക്കണക്ക് സമാഹരിക്കാൻ സഹകരിക്കേണ്ടതുമാണ്. വീടുസന്ദർശനത്തെ സംബന്ധിച്ചുള്ള കൂടുതൽ വിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്. ബഹു. വികാരിയച്ചൻമാർ അധ്യാപകരെയും കമ്മിറ്റിക്കാരെയും വിളിച്ചു കൂട്ടി കുട്ടികളുടെ കുടുംബ സന്ദർശനത്തിനുവേണ്ടിയുള്ള ക്രമീകരണങ്ങൾ നടത്തുകയും സമയക്രമീകരണങ്ങൾ തലേ ഞായറാഴ്ച പള്ളിയിൽ പൊതുവായി അറിയിക്കുകയും ചെയ്യുമല്ലോ.

### 4. വിശ്വാസോത്സവം ആൽബം

മുൻവർഷങ്ങളിലെപോലെ ഈ വർഷവും കുട്ടികൾ ഇടവകാതല ത്തിൽ വിശ്വാസോത്സവ ആൽബം തയ്യാറാക്കേണ്ടതാണ്. അധ്യാപകർ കുട്ടികൾക്കുവേണ്ട നിർദ്ദേശങ്ങളും പ്രോത്സാഹനങ്ങളും നേതൃത്വവും കൊടുക്കുമല്ലോ.

**വിഷയം :** 'ദൈവകരുണയുടെ കുടുംബം'

കുടുംബത്തെ ഗാർഹിക സഭയെന്നാണ് വത്തിക്കാൻകൗൺസിൽ വിശേഷിപ്പിക്കുന്നത്. കുട്ടികളാണ് കുടുംബത്തിന്റെ സമ്പത്ത്, കുടുംബ ജീവിതം ദൈവത്തിന്റെ ദാനമാണ്, മാതാപിതാക്കൻമാർ ആദ്യത്തെ വിശ്വാസ പരിശീലകർ, ദൈവകരുണയുടെ കുടുംബം, മാതാപിതാക്കളുടെ ത്യാഗജീവിതങ്ങൾ, സാക്ഷ്യങ്ങൾ എന്നിവ ഉൾകൊള്ളുന്ന ചിത്രങ്ങളും, പേപ്പർ കട്ടിംഗ്സ്, വാർത്തകൾ എന്നിവയും ഉണ്ടായിരിക്കണം. കൂടാതെ താഴെകൊടുത്തിരിക്കുന്ന മൂന്ന് വിഷയങ്ങളെകുറിച്ച് ലേഖനങ്ങളും ആൽബത്തിൽ ഉൾപ്പെടുത്തേണ്ടതാണ്. ഒന്നാമത്തെ ലേഖനം അധ്യാപകരി ലൊരാളും രണ്ടും മൂന്നും ലേഖനങ്ങൾ അധ്യാപകരുടെ സഹായത്തോടെ കുട്ടികളും എഴുതുക. ലേഖനങ്ങൾ നാല് പേജിൽ കവിയരുത്.

1. കുടുംബം പ്രഥമ വിശ്വാസപരിശീലന വേദി
2. കുടുംബം ദൈവകരുണയുടെ കുടുംബം കളരി
3. മാതാപിതാക്കളോടുള്ള ബഹുമാനവും വിധേയത്വവും. നന്മകൈവരിക്കു ന്നതിനും ഭൂമിയിൽ ദീർഘകാലം ജീവിക്കുന്നതിനുമുള്ള വാഗ്ദാനത്തോടു കൂടിയ ആദ്യത്തെ കല്പന.

**ശ്രദ്ധിക്കുക:** ആൽബം അധ്യാപകരുടെ സഹായത്തോടെ കുട്ടിക ളാണ് തയ്യാറാക്കേണ്ടത്. ആൽബത്തിന്റെ വലുപ്പം: 14 ഇഞ്ച് നീളം, 11 ഇഞ്ച് വീതി. 50 പേജിൽ കൂടരുത്. ഡിജിറ്റിൽ ആൽബം മോഡലിൽ ലേസർ പ്രിന്റും മറ്റും ഉപയോഗിക്കുന്നത് 8 പേജിൽ കൂടരുത്. ഇടവകയിലെ ഏറ്റവും നല്ല ആൽബം ഏപ്രിൽ 10ന് ഫൊറോനയിൽ എത്തിക്കുക. ഫൊറോനയിലെ മികച്ച രണ്ട് ആൽബങ്ങൾ ഏപ്രിൽ 16ന് മുമ്പ് അതിരൂപതാ ഓഫീസിൽ എത്തിക്കേണ്ടതാണ്. മേൽപറഞ്ഞ തീയതികൾക്കുശേഷം വരുന്ന ആൽബങ്ങൾ ഫൊറോനാ-അതിരൂപതാതലത്തിൽ സ്വീകരിക്കുന്നതല്ല.

### 5. ഈസ്റ്റർ പരീക്ഷ ഏപ്രിൽ 8

I മുതൽ IX-ാം ക്ലാസ്സുവരെയുള്ള കുട്ടികളുടെ ഈസ്റ്റർ (വാർഷിക) പരീക്ഷ ഏപ്രിൽ 8-ാം തീയതി വെള്ളിയാഴ്ച 10 മുതൽ 12 വരെയായിരിക്കും. പരീക്ഷാസമയക്രമത്തിൽ യാതൊരുമാറ്റവും വരുത്തുവാൻ പാടില്ല.

### 6. ജനറൽ, മോഡൽ ചോദ്യങ്ങൾ

ഏപ്രിൽ 8ന് നടത്തുന്ന IV മുതൽ IX വരെ ക്ലാസ്സുകളിലെ വാർഷിക പരീക്ഷയുടെ മോഡൽ ചോദ്യങ്ങളും ജനറൽ ചോദ്യങ്ങളും മാർച്ച് 10ന് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കും. ജനറൽ ചോദ്യങ്ങളിൽനിന്ന് 5 മാർക്കി ന്റെ ചോദ്യങ്ങൾ ഉണ്ടായിരിക്കും. അധ്യാപകർ വെബ്സൈറ്റിൽനിന്ന് ജനറൽചോദ്യങ്ങളെടുത്ത് കുട്ടികൾക്ക് നല്കി അവരെ ഒരുക്കേണ്ടതാണ്.

### 7. ലൂമെൻ എക്ലേസിയേ

ദൈവശാസ്ത്രകോഴ്സിൽ പേര് രജിസ്റ്റർ ചെയ്ത എല്ലാ അധ്യാപകരും ക്ലാസുകളിൽ സംബന്ധിക്കുകയും പരീക്ഷ എഴുതേണ്ടതുമാണ്. ദൈവശാസ്ത്രകോഴ്സിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള അധ്യാപകരുടെ ബാക്കി അടക്കാനുള്ള തുകകൾ ഹെഡ്മാസ്റ്റർ വിശ്വാസപരിശീലന ഓഫീസിൽ ഏല്പിക്കേണ്ടതാണ്.

### 8. ഹെഡ്മാസ്റ്റേഴ്സ് റീജനൽ കൂട്ടായ്മ

2015-2016 അധ്യയന വർഷത്തെ സൺഡേ സ്കൂൾ പ്രവർത്തനം വിലയിരുത്തുന്നതിനും വരുന്ന അധ്യയനവർഷത്തെക്കുറിച്ച് പ്ലാൻ ചെയ്യുന്നതിനുമായി മാർച്ച് മാസത്തിൽ ഹെഡ്മാസ്റ്റർമാരുടെ റീജനൽ കൂട്ടായ്മ നടത്തപ്പെടുന്നു. എല്ലാ ഹെഡ്മാസ്റ്റർമാരും കൂട്ടായ്മയിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. ഹെഡ്മാസ്റ്റർക്ക് അസൗകര്യമുണ്ടായാൽ സ്റ്റാഫ് സെക്രട്ടറിയെ നിർബന്ധമായും അയക്കേണ്ടതാണ്. പ്രസ്തുത മീറ്റിംഗിൽ ഓഫീസിൽ അടക്കാനുള്ള വിവിധ തുകകൾ സ്വീകരിക്കുന്നതായിരിക്കും. (സ്റ്റുഡന്റ് ഫണ്ട്, ചോദ്യപേപ്പർ, ബുള്ളറ്റിൻ, വിശ്വാസോത്സവം, ലൂമെൻ എക്ലേസിയേ...)

| സ്ഥലം | തീയതി | സമയം | പങ്കെടുക്കേണ്ട ഫൊറോനകൾ |
|---|---|---|---|
| ഇരിട്ടി | മാർച്ച് 7, തിങ്കൾ | 9.00 am | പേരാവൂർ, നെല്ലിക്കാംപൊയിൽ, എടൂർ, കുന്നോത്ത്, പൈസക്കരി |
| തളിപ്പറമ്പ് | മാർച്ച് 7, തിങ്കൾ | 2.00 pm | ചെമ്പേരി, ആലക്കോട്, മേരിഗിരി, തളിപ്പറമ്പ്, വായാട്ടുപറമ്പ്, ചെമ്പന്തൊട്ടി |
| കാഞ്ഞങ്ങാട് | മാർച്ച് 12 ശനി | 9.00 am | പനത്തടി, തോമാപുരം, കാഞ്ഞങ്ങാട്, വെള്ളരിക്കുണ്ട്, ചെറുപുഴ |

### 9. ഫൊറോനാതല സ്കോളർഷിപ്പ് മൂല്യനിർണ്ണയം

4, 7, ക്ലാസ്സുകളിലെ കുട്ടികളുടെ (ഒരു ഇടവകയിൽ നിന്ന് 3 പേപ്പർ വീതം) സ്കോളർഷിപ്പിനുള്ള ഉത്തരകടലാസുകൾ മൂല്യനിർണ്ണയം നടത്തി ഫൊറോനയിൽനിന്ന് ഓരോ ക്ലാസ്സിൽ ഏറ്റവും കൂടുതൽ മാർക്ക് ലഭിച്ച മൂന്ന് പേപ്പറുകൾ ഏപ്രിൽ 18ന് മുമ്പ് അതിരൂപതാ ഒഫീസിലേക്ക് അയച്ചു തരേണ്ടതാണ്. ഫൊറോനാ കമ്മിറ്റി വിളിച്ചുകൂട്ടി വേണ്ട ക്രമീകരണങ്ങൾ നടത്തേണ്ടതാണ്.

### 10. 'സ്പെഷ്യൽ'വിശ്വാസോത്സവം

ആർമിസ്കൂളിലും സെൻട്രൽ സ്കൂളിലും മാത്രം പഠിക്കുന്ന കുട്ടികൾക്കായി 2016 മാർച്ച് 28 തിങ്കളാഴ്ച 9.30 മുതൽ 30-ാം തീയതി ബുധനാഴ്ച 2.30 വരെ ദർശനാധ്യാനകേന്ദ്രത്തിൽവച്ച് വിശ്വാസോത്സവം നടത്തുന്നതായിരിക്കും. ക്യാമ്പ് ഫീസ് 500 രൂപ.

### 11. അവധിക്കാല വേദപാഠം എപ്രിൽ 27 മുതൽ മെയ് 1 വരെ

സൺഡേസ്ക്കൂളിൽ റഗുലറായി പഠിക്കാൻ സാധിക്കാത്ത 6 മുതൽ 12 വരെ ക്ലാസുകളിൽ പഠിക്കുന്ന നവോദയ, സ്പോർട്സ് സ്കൂളുകളിലെ കുട്ടികൾക്കു മാത്രമുള്ള അവധിക്കാല വേദപാഠക്ലാസുകൾ **ഏപ്രിൽ 27 മുതൽ മെയ് 1 വരെ ചെമ്പേരി വിമൽ ജ്യോതി എഞ്ചിനിയറിംഗ് കോളേജിൽ വച്ച് നടത്തപ്പെടുന്നു.** ക്യാമ്പ് ഫീസ് 600 രൂപ. സമയം ഏപ്രിൽ 27-ാം തീയതി ബുധനാഴ്ച രാവിലെ 9.30 മുതൽ മെയ് 1-ാം തീയതി ഞായറാഴ്ച രാവിലെ 11.30 വരെ. ക്യാമ്പിൽ പങ്കെടുക്കുന്ന കുട്ടികൾ നിർബന്ധമായും വിശ്വാസോത്സവത്തിൽ പങ്കെടുക്കേണ്ടതാണ്. കൂടാതെ ബഹു. വികാരിയച്ചന്റെ കത്ത്, പാഠപുസ്തകം, ഉപപാഠം, ബൈബിൾ, കുർബാനപുസ്തകം, പ്രോഗ്രസ്കാർഡ്, ബെഡ്ഷീറ്റ്, ടോയ്ലെറ്റ് സാധന ങ്ങൾ എന്നിവ കൊണ്ടുവരേണ്ടതാണ്.

NB: XII-ാം ക്ലാസ്സുകളിലെ കുട്ടികൾ അസൈൻമെന്റ് എഴുതികൊണ്ടു വരണം.
വിഷയം: ജീവൻ ദൈവികദാനം

### 12. അതിരൂപതാ മതബോധന കമ്മിറ്റി തിരുമാനങ്ങൾ

2015-16 അധ്യയനവർഷത്തെ രണ്ടാമത്തെ അതിരൂപത മതബോധന കമ്മിറ്റി അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവിന്റെ അധ്യക്ഷതയിൽ 2016 ഫെബ്രവരി 13-ാം തീയതി ശനിയാഴ്ച രാവിലെ 10 മണി മുതൽ 1 മണിവരെ സന്ദേശഭവനിൽവച്ച് ചേർന്നു. വരുന്ന അധ്യായനവർഷത്തിൽ നടപ്പിലാക്കേണ്ട തീരുമാനങ്ങൾ താഴെകൊടുക്കുന്നു.

**I. അതിരൂപതാ മതാധ്യാപക സംഗമം**

അതിരൂപതയിലെ മുഴുവൻ മതാധ്യാപകരുടെ സംഗമം 2016 ഒക്ടോ ബർമാസം 29-ാം തീയതി ശനിയാഴ്ച ചെമ്പേരി വിമൽ ജ്യോതി കോളേജിൽ വച്ച് നടത്തുക.

**II. ദൈവകരുണയുടെ ജൂബിലി വർഷം**

1. ദൈവകരുണയുടെ ജൂബിലി വർഷത്തോടനുബന്ധിച്ച് 16 ഫൊറോന കളിലും ഏകദിന സെമിനാറുകൾ സംഘടിപ്പിക്കുക.
2. കുട്ടികളുടെ അതിരൂപതാതല സംഗമം 1 മുതൽ 4 വരെയും, 5 മുതൽ 8 വരെയും, 9 മുതൽ 12 വരെയും എന്നിങ്ങനെ മൂന്ന് വിഭാഗങ്ങളായി തിരിച്ച് മൂന്ന് വർഷങ്ങളിലായി നടത്താൻ ശ്രമിക്കുക.

**III. അധ്യാപകരുടെ തുടർ പരിശീലന പരിപാടികൾ**

1. ലുമെൻ എക്ലേസിയേ ദൈവശാസ്ത്ര കോഴ്സ് തുടരുക. ഈ പരിശീലന പദ്ധതിയിൽ ചേരാത്ത അധ്യാപകരെകൂടി വരുന്ന അധ്യായന വർഷം ഉൾപ്പെടുത്തുക.
2. എല്ലാവർഷവും അധ്യാപകർക്ക് ഓരോ വിഷയത്തെ ആസ്പദമാക്കി ഫൊറോനാതല ഏകദിന സെമിനാർ സംഘടിപ്പിക്കുക.
3. ASPCT പഠനപരിപാടി, സഭാവിജ്ഞാനിയ ക്വിസ് എന്നിവ തുടരുക.

**IV. ബൈബിൾ നഴ്സറി**

ബൈബിൾ നഴ്സറിക്കായി സീറോമലബാർ കാറ്റകെറ്റിക്കൽ കമ്മിഷൻ പുറത്തിറക്കാൻപോകുന്ന പുസ്തകം അതിരൂപതാ കേന്ദ്രത്തിൽ വാങ്ങി ഇടവകകളിൽ എത്തിക്കുകയും കഴിയുന്നത്ര ഇടവകകളിൽ ബൈബിൾ നഴ്സറി ആരംഭിക്കുകയും ചെയ്യുക.

**V. 12-ാം ക്ലാസിലെ കുട്ടികൾക്കുള്ള ധ്യാനം**

12-ാം ക്ലാസിലെ കുട്ടികളുടെ ധ്യാനം അവരുടെ പഠനത്തിന്റെ ഭാഗമായി നിർബന്ധമാക്കുക.

**VI. വാർഷികപരീക്ഷ**

1. 12-ാം ക്ലാസിലെ കുട്ടികൾക്ക് വാർഷിക പരിക്ഷ ജനുവരി 26നു തന്നെ നടത്തുക.
2. 1 മുതൽ 11-ാം ക്ലാസിലെ കുട്ടികളുടെ വാർഷിക പരീക്ഷ വിശ്വാസോ ത്സവത്തിനുശേഷം ഒരുമിച്ച് നടത്തുക.

**VII.** 8-ാം ക്ലാസിലെ കുട്ടികൾക്ക് ഫൊറോനാതലത്തിൽ ലൈംഗിക വിദ്യാഭ്യാസത്തെക്കുറിച്ചുള്ള ഏകദിന സെമിനാർ നവംബർ മാസത്തിനു മുമ്പായി സംഘടിപ്പിക്കുക.

**VIII. ഫുൾ ഡേ ക്ലാസ്**

വാർഷിക കലണ്ടറിൽ നല്കിയിരിക്കുന്നപ്രകാരം മാസത്തിലെ അവസാന ഞായറാഴ്ച എല്ലാ സൺഡേസ്കൂളുകളിലും ഫുൾഡേ ക്ലാസ് നടത്തേണ്ടതാണ്. ഗ്രൂപ്പുകളുടെ കലാപരിപാടികൾ, സംഘടനാപ്രവർത്തന ങ്ങൾ, സെമിനാറുകൾ, ആരാധന, കുമ്പസാരം. മുതലായവയ്ക്ക് ഈ ദിവസങ്ങൾ പ്രയോജനപ്പെടുത്താവുന്നതാണ്.

**IX. വിശ്വാസോത്സവം**

1. 2016 ഏപ്രിൽ 1 മുതൽ 5 വരെയാണ് വിശ്വാസോത്സവം.
2. കരുണയുടെ വർഷം പ്രമാണിച്ച് ഏപ്രിൽ 3-ാം തീയതി എല്ലാ കുട്ടികളും അധ്യാപകരുടെയും കമ്മിറ്റിക്കാരുടെയും നേതൃത്വത്തിൽ ഭവനസന്ദർശനം നടത്തുക. അതിരൂപതാ കേന്ദ്രത്തിൽനിന്നും നൽകുന്ന കുടുംബ സ്ഥിതിവിവരകണക്ക് സമാഹരിക്കേണ്ടതുമാണ്.
3. ഏപ്രിൽ 8 വെള്ളിയാഴ്ച വാർഷിക പരീക്ഷ (ക്ലാസ് I-IX)
4. വിശ്വാസോത്സവം 5 ദിവസംതന്നെ നടത്തേണ്ടതാണ്. ഒരു ദിവസം 5 മണിക്കൂർ ലഭിക്കത്തക്കവിധം. സമയക്രമം ഇടവകാതലത്തിൽ തന്നെ ക്രമികരിക്കാവുന്നതാണ്.

## 13. കാരുണ്യകൂട്ടായ്മ (ഹെസദ്)

കുട്ടികളുടെ ജീവകാരുണ്യ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പി ക്കുന്നതിനും കുട്ടികൾ കുട്ടികളെ സഹായിക്കുന്നതിനുമായി അതിരൂപതാ തലത്തിൽ കുട്ടികളുടെ മാത്രമായ ഒരു ജീവകാരുണ്യഫണ്ടിന് കാരുണ്യ വർഷത്തിൽ തുടക്കം കുറിക്കാൻ ആഗ്രഹിക്കുന്നു. അതിന്റെ പ്രാരംഭ നടപടിയായി അധ്യാപകരുടെ നേതൃത്വത്തിൽ കുട്ടികൾ ഇടവകയിലെ ഭവനങ്ങളിലെ ആക്രിസാധനങ്ങൾ ശേഖരിച്ച് അത് വിറ്റുകിട്ടുന്നപണം കുട്ടികളുടെ ജീവകാരുണ്യ ഫണ്ടിലേക്ക് നിക്ഷേപിക്കുന്നു. അധ്യാപകർ ബഹു. വികാരിയച്ചന്റെ അധ്യക്ഷതയിൽ സ്റ്റാഫ് മീറ്റിഗ് കൂടി വേണ്ട ക്രമീകരണങ്ങൾ ചെയ്തു സഹകരിക്കുമല്ലോ.

## 14. ഡയറക്ടറച്ചന്റെ സന്ദർശനം

തോമാപുരം, കാവുംതല എന്നീ ഇടവകകൾ സന്ദർശിക്കുകയും വി. കുർബാനയർപ്പിച്ച് പ്രാർത്ഥിക്കുകയും മാതാ പിതാക്കൾക്കും അധ്യാപകർക്കും കുട്ടികൾക്കും ക്ലാസ് എടുക്കുകയും ചെയ്തു.

സ്നേഹപൂർവ്വം

**ഫാ. ജോർജ് കാഞ്ഞിരക്കാട്ട്**

ഡയറക്ടർ

**Prot. No. 112/2016; Circular No. 4/2016**

# വിശ്വാസോത്സവം

ഈശോയിൽ സ്നേഹമുള്ളവരേ,

2015-2016 അധ്യയന വർഷത്തെ കുട്ടികളുടെ വിശ്വാസപരിശീലനം ഏപ്രിൽ 8നുള്ള ഈസ്റ്റർ പരീക്ഷയോടെ സമാപിക്കുകയാണല്ലോ. ഒരു അധ്യയനവർഷം മുഴുവൻ ഈശോയെക്കുറിച്ചും തിരുസഭയെക്കുറിച്ചും പഠിച്ച കാര്യങ്ങൾ കൂടുതൽ അനുഭവതലത്തിലേക്ക് കൊണ്ടുവരുന്നതിനുവേണ്ടിയാണ് ഏപ്രിൽ 1 മുതൽ 5 വരെ നമ്മുടെ അതിരൂപതയിൽ വിശ്വാസോത്സവമായി ആഘോഷിക്കുന്നത്. സാർവ്വത്രിക സഭയിൽ ദൈവകരുണയുടെ ജൂബിലിവർഷമായി ആചരിക്കുന്ന അവസരത്തിൽ ഈ വർഷത്തെ വിശ്വാസോത്സവത്തിന് ഏറെ പ്രാധാന്യവുമുണ്ട്.

സഭയിലെ ശുശ്രൂഷകളിൽ സുപ്രധാനമായ ഒന്നാണ് വിശ്വാസപരിശീലനം. മതബോധനം കേവലം ബോധനപ്രക്രിയ മാത്രമല്ല മറിച്ച് വിശ്വാസജീവിതത്തിനുള്ള പരിശീലന പദ്ധതിയാണ്. മതബോധനവേദി ക്ലാസ് മുറി മാത്രമല്ല. കുടുംബം, ദൈവാലയം, ഭക്തസംഘടനകൾ, മാധ്യമങ്ങൾ തുടങ്ങിയവയും മതബോധനവേദികളാണ്. കൃത്യമായ സിലബസോടുകൂടിയ നിയതമായ മതബോധനം വിശ്വാസപരിശീലനത്തിന്റെ ഒരുഘട്ടം മാത്രമാണ്. വി. കുർബ്ബാന, ആരാധനാക്രമപരമായ മറ്റു തിരുക്കർമ്മങ്ങൾ, നല്ല പാരമ്പര്യങ്ങൾ, കുടുംബത്തിലെ അനുഷ്ഠാനങ്ങൾ, ഭക്തകൃത്യങ്ങൾ, ജീവിതസാക്ഷ്യം തുടങ്ങിയവയും വിശ്വാസപരിശീലനവുമായി അഭേദ്യം ബന്ധപ്പെട്ടിരിക്കുന്നു.

കുട്ടികളുടെ മതബോധനം കൂടുതൽ ആകർഷകവും ജീവിതഗന്ധിയുമാക്കുന്നതിനും അവരുടെ സമഗ്രവ്യക്തിത്വ വികസനം ലക്ഷ്യമാക്കിക്കൊണ്ടും നമ്മുടെ അതിരൂപതയിൽ അധ്യയനവർഷത്തിന്റെ സമാപനം സമ്മർ ക്ലാസിന് പകരമായി വിശ്വാസോത്സവദിനങ്ങളായി ആഘോഷിക്കുകയാണ്. ഈ വർഷം വിശ്വാസോത്സവത്തിൽ ഒന്നാം ക്ലാസ് മുതൽ പതിനൊന്നാം ക്ലാസ് വരെയുള്ള കുട്ടികളാണ് പങ്കെടുക്കേണ്ടത്. XII-ാം ക്ലാസിലെ കുട്ടികളെയും വൈദിക വിദ്യാർത്ഥികളെയും ഭക്തസംഘടനാ പ്രതിനിധികളെയും സെക്ഷൻ ഓർഗനൈസർമാരായി വിശ്വാസോത്സവത്തിൽ പങ്കെടുപ്പിക്കേണ്ടതാണ്. ഈശോയുടെ കുഞ്ഞുങ്ങൾ (ക്ലാസ് I), ഈശോയുടെ കുട്ടികൾ (ക്ലാസ് II,III), ജീവന്റെ അപ്പം (ക്ലാസ് IV), ഈശോയുടെ കൂട്ടുകാർ (ക്ലാസ് V,VI,VII), ഈശോയുടെ സൈന്യം (ക്ലാസ് VIII, IX), ഈശോയുടെ സാക്ഷികൾ (ക്ലാസ് X, XI) എന്നിങ്ങനെ ആറ് സെക്ഷനിലേയ്ക്കുള്ള വർക്ക് ബുക്കുകളാണ് കുട്ടികളുടെ ഉപയോഗത്തിനായി തയ്യാറാക്കിയിരിക്കുന്നത്. എല്ലാ കുട്ടികൾക്കും അധ്യാപകർക്കും സഹായികൾക്കും വർക്ക്ബുക്ക് ഉണ്ടായിരിക്കേണ്ടതാണ്.

2016 ഏപ്രിൽ 1 മുതൽ 5 വരെ (വെള്ളി മുതൽ ചൊവ്വ വരെ) അഞ്ചു ദിവസങ്ങളായിട്ടാണ് നമ്മുടെ അതിരൂപതയിൽ വിശ്വാസോത്സവം നടത്തേണ്ടത്. അഞ്ച് മണിക്കുർ നീണ്ടുനിൽക്കുന്ന പരിശീലന പരിപാടികളാണ് വിശ്വാസോത്സവത്തിൽ ക്രമീകരിച്ചിരിക്കുന്നത്. അഞ്ചാം ദിവസം വിശ്വാസോത്സവ റാലി, സമാപനസമ്മേളനം എന്നിവ നടത്തേണ്ടതാണ്. ദിവസത്തിന്റെ എണ്ണവും സമയക്രമവും എല്ലാ സൺഡേസ്കൂളുകളും കൃത്യമായി പാലിക്കണമെന്ന് ഓർമിപ്പിക്കുന്നു. എല്ലാ ദിവസവും രാവിലെ പ്രഭാതപ്രാർത്ഥനയും വി. കർബാനയും സമാപനത്തിൽ ജപമാലയും ഉണ്ടായിരിക്കണം. വിശ്വാസോത്സവനടത്തിപ്പിന് തടസ്സമുണ്ടാക്കുന്ന മറ്റു പരിപാടികൾ ഒന്നും വിശ്വാസോത്സവദിവസങ്ങളിൽ ഇടവകയിൽ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

സാർവ്വത്രിക സഭയിൽ പ്രഖ്യാപിച്ചിരിക്കുന്ന ദൈവകരുണയുടെ ജൂബിലി വർഷം നമ്മുടെ അതിരൂപതയിൽ ദൈവകരുണയുടെ കുടുംബവർഷമായി ആചരിക്കുകയാണല്ലോ. മുതിർന്നവർക്കായി ധ്യാനങ്ങളും മറ്റ് പരിപാടികളും കാരുണ്യവർഷത്തിൽ നടന്നുകൊണ്ടിരിക്കുകയാണ്. ദൈവകരുണയുടെ കുടുംബവർഷാചരണത്തിൽ ദൈവകരുണയുടെ സന്ദേശവുമായി വിശ്വാസോത്സവത്തിന്റെ മൂന്നാംദിനം ഞായറാഴ്ച കുട്ടികൾ അധ്യാപകരുടെയും കമ്മിറ്റിക്കാരുടെയും നേതൃത്വത്തിൽ ഇടവകയിലെ എല്ലാകുടുംബങ്ങളും സന്ദർശിക്കുകയും കുടുംബാംഗങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നതാണ്. ബഹു. വികാരിയച്ചൻമാർ അധ്യാപകരെയും കമ്മിറ്റിക്കാരെയും വിളിച്ചുകൂട്ടി കുട്ടികളുടെ കുടുംബ സന്ദർശനത്തിനുവേണ്ടിയുള്ള ക്രമീകരണങ്ങൾ നടത്തുകയും സമയക്രമീകരണങ്ങൾ പള്ളിയിൽ പൊതുവായി അറിയിക്കുകയും ചെയ്യണം. പ്രിയ കുടുംബാംഗങ്ങളേ, കുട്ടികളുടെ സന്ദർശനദിനമായ ഞായറാഴ്ച നിങ്ങളെല്ലാവരും വീട്ടിൽ ഉണ്ടായിരിക്കുകയും കുട്ടികളെ സ്നേഹത്തോടെ സ്വീകരിക്കുകയും അതിരൂപത തയാറാക്കിയിരിക്കുന്ന കുടുംബ സ്ഥിതിവിവരക്കണക്ക് സമാഹരിക്കാൻ സഹകരിക്കുകയും ചെയ്യുമല്ലോ.

പ്രിയ മാതാപിതാക്കളേ, വിശ്വാസോത്സവത്തെ തുടർന്ന് ഏപ്രിൽ 8നുള്ള ഈസ്റ്റർ പരീക്ഷയോടു കൂടിയാണ് ഈ അധ്യയനവർഷത്തെ വിശ്വാസപരിശീലനം പൂർത്തിയാകുന്നത്. ആകയാൽ കുട്ടികളുടെ അവധിക്കാല പരിപാടികൾ വിശ്വാസോത്സവത്തിനും പരീക്ഷയ്ക്കും തടസ്സമുണ്ടാകാത്ത രീതിയിൽ ക്രമീകരിക്കുമല്ലോ. കുട്ടികളുടെ പ്രഥമ മതാധ്യാപകരെന്ന നിലയിൽ അവധിക്കാലത്ത് കുട്ടികളെ ആത്മീയ ഉണർവ് ലഭിക്കുന്ന ധ്യാനങ്ങളിലും മറ്റ് പരിപാടികളിലും സംബന്ധിപ്പി ക്കേണ്ടതും കുടുംബങ്ങളിൽ നടത്തിവരുന്ന നല്ല പതിവുകളും

അധ്യാത്മികാനുഷ്ഠാനങ്ങളും ഞായറാഴ്ച ആചരണവും മുടങ്ങാതിരി ക്കുവാൻ ശ്രദ്ധിക്കേണ്ടതും അതിനായി കുട്ടികളെ പ്രോത്സാഹിപ്പിക്കേ ണ്ടതുമാണ്.

വിശ്വാസോത്സവം വിജയിപ്പിക്കാൻ ഇടവകയിലെ മുഴുവൻ ദൈവജനത്തിന്റെയും സഹായസഹകരണങ്ങൾ ഉണ്ടാകണമെന്ന് ഓർമിപ്പിക്കുന്നു. ബഹു.വികാരിയച്ചനോടും സിസ്റ്റേഴ്സിനോടും മതാധ്യാപകരോടും ചേർന്ന് ഇടവകാ അജപാലനസമിതി അംഗങ്ങളും സംഘടനാഭാരവാഹികളും വിശ്വാസോത്സവ ക്രമീകരണങ്ങൾ ഒരുക്കേണ്ടതാണ്.

സൺഡേ സ്കൂളിൽ റഗുലറായി പഠിക്കാൻ സാധിക്കാത്ത VI മുതൽ XII വരെ ക്ലാസുകളിൽ പഠിക്കുന്ന നവോദയാ, സ്പോർട്സ് സ്കൂളുകളിലെ കുട്ടികൾക്കുള്ള അവധിക്കാല മതബോധന ക്ലാസ്സുകൾ ഏപ്രിൽ 27 മുതൽ മെയ് 1 വരെ ചെമ്പേരി വിമൽജ്യോതി എൻജിനീയറിംഗ് കോളേജിൽ വച്ച് നടത്തുന്നതാണ്. പ്രസ്തുത ക്ലാസുകളിൽ സംബന്ധിക്കുന്ന കുട്ടികൾ നിർബന്ധമായും വിശ്വാസോത്സവത്തിൽ പങ്കെടുക്കേണ്ടതാണ്.

വിശ്വാസപരിശീലനത്തിനു പരിപാടികൾക്ക് നേതൃത്വം കൊടു ക്കുന്ന ബഹു. വികാരിയച്ചന്മാരെയും സിസ്റ്റേഴ്സിനെയും മതാധ്യാപകരെയും അജപാലന സമിതി അംഗങ്ങളെയും ഭക്തസംഘടനാ ഭാരവാഹികളെയും മാതാപിതാക്കളെയും നന്ദിയോടെ ഞാൻ ഓർക്കുന്നു. വിശ്വാസപരിശീലനകേന്ദ്രത്തിന്റെ നിർദ്ദേശങ്ങൾ കൃത്യമായി പാലിച്ച് ഈ വർഷത്തെ വിശ്വാസോത്സവം ഫലദായകമാക്കുവാൻ നിങ്ങൾ എല്ലാവരും ശ്രദ്ധിക്കുമല്ലോ. വിശ്വാസോത്സവം ഭംഗിയായി നടത്തുന്നതിനാവശ്യമായ എല്ലാ ക്രമീകരണങ്ങളും ചെയ്ത വിശ്വാസപരിശീലനകേന്ദ്രത്തിന് അഭിനന്ദനങ്ങൾ.

വിശ്വാസം ആഘോഷിക്കാൻ, പ്രഘോഷിക്കാൻ, ജീവിക്കാൻ വിശ്വാസോത്സവം 2016 ഏവരേയും സഹായിക്കട്ടെയെന്നു പ്രാർത്ഥിക്കുന്നു.

സ്നേഹാശിസ്സുകളോടെ,

നിങ്ങളുടെ വത്സലപിതാവ്,

തലശ്ശേരി
19.02.2016

**മാർ ജോർജ് ഞറളക്കാട്ട്**
തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത

---

**പ്രത്യേക ശ്രദ്ധക്ക്:** ഈ സർക്കുലർ മാർച്ച് 13-ാം തീയതി ഞായറാഴ്ച എല്ലാ വി. കർബാനമദ്ധ്യേയും എല്ലാ പള്ളികളിലും സ്ഥാപനങ്ങ ളിലും വായിക്കുകയോ ഇതിന്റെ ചുരുക്കം വിശ്വാസികളെ അറിയിക്കുകയോ ചെയ്യേണ്ടതാണ്.